**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പോസ്റ്റ് ഗ്രാജേറ്റ്/പ്രൊഫഷണൽ/പോളിടെക്നിക് കോഴ്സുകളിൽ പഠനം നടത്തുന്ന എസ്.ഇ.ബി.സി യിലേയും മറ്റു സമുദായങ്ങളിലേയും വിദ്യാർത്ഥികൾക്ക് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടനുസരിച്ചുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാക്കിക്കൊണ്ടുള്ള 21.02.2014-ലെ സർക്കാർ ഉത്തരവ്, ഹയർ സെക്കണ്ടറി തലത്തിലേയും ബിരുദ തലത്തിലേയും SEBC/മറ്റു സമുദായങ്ങളിലെയും കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടനുസരിച്ച് വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന മുന്നാക്ക സമുദായങ്ങളിലേയും വിദ്യാർത്ഥികൾക്കും ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ. ഉ ( കൈ) നമ്പർ. 15/2014/പിസവിവ. തീയതി, തിരുവനന്തപുരം, 08/08/2014

==========================================================================

പരാമർശം :- 1. സ.ഉ (എം.എസ്) 06/2014/പിസവിവ തീയതി 21.02.2014.
2. സ.ഉ (എം.എസ്) 08/14/പിസവിവ തീയതി 19.03.2014..

**<u>ഉത്തരവ്</u>**

പോസ്റ്റ് ഗ്രാജേറ്റ്/പ്രൊഫഷണൽ/പോളിടെക്നിക് കോഴ്സുകളിൽ പഠനം നടത്തുന്ന എസ്.ഇ.ബി.സി/ മറ്റു സമുദായ വിദ്യാർത്ഥികൾക്ക് കെ.പി.സി. ആർ വിദ്യാഭ്യാസാനുകൂലം ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 1,00,000/- രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ടി ഉത്തരവ് ഹയർസെക്കന്ററി/ബിരുദ കോഴ്സുകളിൽ പഠിയ്ക്കുന്ന എസ്.ഇ.ബി.സി/മറ്റു സമുദായങ്ങളിലേയും കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടനുസരിച്ച് വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന മുന്നാക്ക സമുദായങ്ങളിലേയും വിദ്യാർത്ഥികൾക്കു കൂടി ബാധകമാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ്, കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടനുസരിച്ച് വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന മുന്നാക്ക സമുദായങ്ങളിലേയും വിദ്യാർത്ഥികൾക്കു കൂടി ബാധകമായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം ,
**ഡോ. ആഷ തോമസ്**
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് .
സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് .
ഡയറക്ടർ, കൊളീജിയേറ്റ് വിദ്യാഭ്യാസ വകുപ്പ് .
രജിസ്ട്രാർ, എല്ലാ യൂണിവേഴ്സിറ്റിലെയും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിലേക്കായി).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ഉന്നത വിദ്യാഭ്യാസ വകുപ്പ് .
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് : - മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പട്ടികജാതി പിന്നോക്ക ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പിന്നോക്കസമുദായ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ
സെക്രട്ടറിയ്ക്ക്.
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്.
പിന്നോക്കസമുദായ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എ യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ